**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **29-01-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിനുള്ള താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും വകയിരുത്തിയ തുക എത്രയാണ്; അനുവദിച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | നെല്ല് സംഭരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും വകയിരുത്തിയ തുക, ചെലവഴിച്ച തുക, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു |
| (ബി) | നടപ്പ് സാമ്പത്തിക വർഷം നെല്ലിന്റെ സംഭരണത്തിനുള്ള താങ്ങുവിലയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഹിതം എത്ര ശതമാനം വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | <u>നടപ്പു സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനുള്ള താങ്ങുവില:</u><br>കേന്ദ്ര വിഹിതം (MSP) - 21.83 രൂപ /Kg (77%)<br>സംസ്ഥാന വിഹിതം (SIB) - 6.37 രൂപ /Kg (23%)<br><u>2015-16 സാമ്പത്തിക വർഷത്തിലെ പ്രസ്തുത വിഹിതം:</u><br>2015-16 കർഷകർക്ക് നൽകിയ തുക<br>കേന്ദ്ര വിഹിതം (MSP) -14.10 രൂപ/Kg (65.58%)<br>സംസ്ഥാന വിഹിതം (SIB) - 7.40 രൂപ/Kg (34.42%) |
| (സി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നെല്ലിന്റെ താങ്ങുവിലയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 2015-16 ലെ 32% ൽ നിന്നും നിലവിലെ 22% ആയി കുറയാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | നടപ്പ് സാമ്പത്തികവർഷം നെല്ലിന്റെ താങ്ങുവില 28.20 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണവിലയായ 28.20 രൂപ/ കിലോഗ്രാമിന് സംസ്ഥാനത്ത് ഉറപ്പുവരുത്തി യിട്ടുണ്ട്. ഈ തുകയിൽ കുറയാതെ കർഷകന് ലഭ്യമാക്കാനാണ് സംസ്ഥാന പ്രോത്സാഹന ബോണസ് നൽകിവരുന്നത്. |
| (ഡി) | സംസ്ഥാന സർക്കാർ വിഹിതം ഗണ്യമായി കുറഞ്ഞത് മൂലം നെൽക്കർഷകർക്ക് ഉയർന്ന താങ്ങുവില ലഭിക്കേണ്ട സാഹചര്യം ഇല്ലാതായതിനാൽ കർഷകർക്കുണ്ടായ നഷ്ടം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന | (ഡി) | സംസ്ഥാനത്ത് നെൽകർഷകർക്ക് ലഭിച്ചുവരുന്ന സംഭരണവിലയിൽ കുറവ് ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| | സർക്കാർ വിഹിതം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ

## **അനുബന്ധം**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബജറ്റിൽ വകയിരുത്തിയ തുക (തുകകോടിയിൽ) | ചെലവഴിച്ച തുക(ക്ലെയിം സമർപ്പിച്ചത്) (തുകകോടിയിൽ) | അനുവദിച്ച തുക (തുകകോടിയിൽ) |
|---|---|---|---|---|
| 1 | 2021-22 | 525.00 | 654.91 | 759.87 |
| 2 | 2022-23 | 577.50 | 685.54 | 274.36 |
| 3 | 2023-24 | 577.50 | 351.26 (നവംബർ 2023 വരെയുള്ളക്ലെയിം ) | *380.00 |

**2023-24** സാമ്പത്തികവർഷത്തിൽ **380** കോടി രൂപ അനുവദിച്ചെങ്കിലും **230** കോടി രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്.